# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3403** — **21-12-2012 ൽ മറുപടിയ്ക്ക്**

## നെൽക്കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ആർ.രാജേഷ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാർ നെൽക്കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിന് ഒരു പദ്ധതി പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്തിരുന്നുവോ;<br><br>(ബി) നെൽക്കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>ഇല്ലെങ്കിൽ ആ പദ്ധതി തുടർന്നും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | (എ) യും (ബി) യും 2007-08 സാമ്പത്തിക വർഷം മുതൽ സഹകരണ സംഘങ്ങൾ മുഖേന നെൽകർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിരുന്നു. 2007-08 വർഷത്തിൽ 61.39684 ലക്ഷം രൂപയും 2008-09 ൽ 30.666 ലക്ഷം രൂപയും 2009-10 ൽ 100 ലക്ഷം രൂപയും കൃഷിവകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും സഹകരണ സംഘങ്ങൾക്ക് നൽകുകയുണ്ടായി. 2010-11 വർഷം മുതൽ സഹകരണ വകുപ്പ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ